## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4383

28.06.2012 ൽ മറുപടിയ്ക്ക്

## നാദാപുരം കാവിലുംപാറ പഞ്ചായത്തിലെ ഭൂമി സബ്ഡിവിഷൻ നടപടി

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | നാദാപുരം മണ്ഡലത്തിൽ കാവിലുംപാറ പഞ്ചായത്തിലെ പുറമ്പോക്കിൽ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | നാദാപുരം മണ്ഡലത്തിൽ കാവിലുംപാറ പഞ്ചായത്തിലെ കാവിലുംപാറ അംശം ദേശത്ത് റി സർവെ 69, 89 ൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ 38 കുടുംബങ്ങൾ താമസിച്ചു വരുന്നു. |
| ബി) | ഇവരുടെ ഭൂമി സബ് ഡിവിഷൻ ചെയ്ത് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | ബി) | നാദാപുരം മണ്ഡലത്തിൽ കാവിലുംപാറ പഞ്ചായത്തിലെ കാവിലുംപാറ അംശം ദേശത്ത് റി സർവെ 69, 89 ൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ പതിച്ചുകൊടുത്ത ഭൂമി സബ്ഡിവിഷൻ ചെയ്യുന്നതിനായി ഭൂമി പതിച്ചു കിട്ടിയ 32 പേരിൽ നിന്ന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്. സബ്ഡിവിഷൻ നടപടികൾ പൂർത്തിയായിട്ടില്ല. |
| സി) | ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്നും നടപടി എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ? | സി) | അപേക്ഷപ്രകാരമുള്ള സബ്ഡിവിഷൻ നടപടിയിൽ ഫീൽഡ് ജോലി പൂർത്തിയായിട്ടുണ്ട്. പട്ടയംകൊടുത്ത കാലയളവിൽ പട്ടയം സിദ്ധിച്ചവരിൽ നിന്നും പലതവണ കൈമാറിയാണ് ഇപ്പോൾ പലരും ആധാരപ്രകാരം സ്ഥലം കൈവശം വയ്ക്കുന്നത്. ഈ സ്ഥലങ്ങൾ കഴിച്ചുള്ള ബാക്കി ഭൂമിയിലാണ് സബ്ഡിവിഷൻ നടപടി എടുത്തിട്ടുള്ളത്. മുൻപ് താലൂക്ക് ഓഫീസ് വടകരയിൽ നിന്ന് അനുവദിച്ചു കൊടുത്തിട്ടുള്ള പട്ടയം അപേക്ഷകരിൽ പലരും ഹാജരാക്കിയിട്ടില്ല. കക്ഷികൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിൽ കാലതാമസം വരുത്തുന്നതും പട്ടയം അനുവദിച്ചു കൊടുത്ത സ്ഥലവും ആധാരപ്രകാരം കൈവശം വച്ചുവരുന്ന സ്ഥലങ്ങളും തമ്മിൽ അവ്യക്തത നിലനിൽക്കുന്നതും കൊണ്ടാണ് റിക്കോർഡ് ജോലിയിൽ കാലതാമസം നേരിടുന്നത്. റിക്കോർഡു ജോലി പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ